# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1665** 21/1/2014 ൽ മറുപടിയ്ക്ക്

## ഇടുക്കി പാക്കേജ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം. എ. ബേബി | | **ശ്രീ. കെ.പി. മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | കാർഷിക മേഖലയുടെ വികസനം ലക്ഷ്യ മിട്ട ഇടുക്കി പാക്കേജ് പദ്ധതിയുടെ കാലാവധി എത്ര വർഷമായിരുന്നു; അത് അവസാനിച്ച തീയതി എന്നായിരുന്നു ; | (എ) | ഇടുക്കി പാക്കേജിന്റെ കാലാവധി 5 വർഷമാണ്. 21/11/2013 ന് ഇടുക്കി പാക്കേജ് കാലാവധി പൂർത്തിയാക്കി. |
| (ബി) | 2013 നവംബർ 20 വരെ പദ്ധതിക്കു വേണ്ടി ചെലവായ തുക എത്ര; പദ്ധതിയ്ക്ക് മൊത്തം എന്ത് തുക ചെലവ് പ്രതീക്ഷിച്ചിരുന്നു ; | (ബി) | 168 കോടി രൂപ ചെലവഴിച്ചു 764.32 കോടി രൂപയുടെ പദ്ധതിയാണ് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ളത്. |
| (സി) | ഇടുക്കി പാക്കേജ് പദ്ധതിയുടെ പ്രതീ ക്ഷിച്ച ചെലവിന്റെ എത്ര ശതമാനം തുക 2013 നവംബർ 20വരെ ചെലവഴിക്കുകയുണ്ടായി ; | (സി) | 22% തുക ചെലവഴിച്ചു. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ ലക്ഷ്യവും നേട്ടവും സംബന്ധിച്ച് വിലയിരുത്തപ്പെട്ടി ട്ടുണ്ടോ ; വിശദമാക്കാമോ ? | (ഡി) | ഉണ്ട്. ഇടുക്കി ജില്ലയുടെ കാർഷിക പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വാമിനാഥൻ കമ്മീഷൻ ശുപാർശ ചെയ്ത പദ്ധതികളിൽ 764.32 കോടി രൂപയുടെ പദ്ധതികൾ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും അനുയോജ്യമായ കേന്ദ്ര പദ്ധതികളിൽപ്പെടുത്തി |

നടപ്പിലാക്കി കൊണ്ടിരിക്കുകയും ചെയ്യുന്നു.

ഇടുക്കി ജില്ലയിലെ മറയൂർ കാന്തല്ലൂർ പഞ്ചായത്തുകളിലെ കരിമ്പ് കൃഷി വികസനത്തിനായി 5.09 കോടി രൂപ ചെലവഴിച്ചു. കരിമ്പുല്പാദന സൊസൈറ്റികൾ രൂപീകരിച്ച കർഷകർക്ക് ധനസഹായം നൽകി വരുന്നു. 170 ഹെക്ടർ കരിമ്പ് കൃഷിയുടെ പുനരുദ്ധാരണം നടത്തി. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കർഷകരുടെ വരുമാന വർദ്ധനവിനായി 91.15 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. നാളിതുവരെ 32 കോടി ചെലവഴിച്ചു. മിൽമയുടെ കീഴിൽ കട്ടപ്പനയിൽ 14 കോടി രൂപ ചെലവഴിച്ച് ചില്ലിംഗ് പ്ലാൻറ് നവീകരിച്ചു. ഗ്രാമീണ വിപണം പ്രോത്സാഹിപ്പിക്കുന്നതിന് 3 ഗ്രാമീണ വിപണന കേന്ദ്രങ്ങൾ സ്ഥാപിച്ചു. ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ നിർദ്ദേശാനുസരണം പഴം-പച്ചക്കറി വികസന പദ്ധതിയിൽ 24 കോടി രൂപ ചെലവഴിച്ചത് വഴി പച്ചക്കറി കൃഷിയുടെ വ്യാപനം സാദ്ധ്യമാക്കി. മണ്ണ്-ജല സംരക്ഷണത്തിലൂടെ കാർഷിക വൃത്തി ശക്തിപ്പെടുത്തുന്നതിന് വേണ്ടി 26 ചെക്ക് ഡാമുകൾ പൂർത്തിയാക്കിയിട്ടുണ്ട്. ഏലം കൃഷിയുടെ പുനരുദ്ധാരണം, കുരുമുളക് കൃഷിയുടെ വ്യാപനം ലക്ഷ്യമാക്കി സുഗന്ധ വ്യഞ്ജന

ബോർഡ് വഴി നാളിതു വരെ 85 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. തെങ്ങിൽ നിന്നും വരുമാനം വർദ്ധനവിനുള്ള പദ്ധതിയിൽ നാളിതു വരെ 5000 കർഷകർക്ക് സഹായം വിതരണം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ